കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## [www.lfa.kerala.gov.in](http://www.lfa.kerala.gov.in)

# മുതുകുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി 4-865/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ.
തീയതി: 05.07.2017
ഫോൺ : 0477-2252753
ഇമെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
മുതുകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുതുകുളം ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി /പി.4-865/17 തീയതി: 05.07.2017

## ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമ പഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-11-2016 മുതൽ 31-03-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 19 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും |
|---|---|
| 21.06.2017 മുതൽ 30.06.2017വരെ | ശ്രീ. വി. കെ. രഞ്ജീവ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ചന്ദ്രശേഖരൻ. ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. സുനിൽകുമാർ. ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീ.ബി.എസ്.സുജിത് ലാൽ | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | എസ്.ശ്രീകുമാർ | 01.04.2016 മുതൽ 23.09.2016 വരെ |
| 2 | രേഖാ ഫെർണാണ്ടസ് (ചാർജ്ജ്) | 24.09.2016 മുതൽ 13.11.2016 FN വരെ<br>08.01.2017 മുതൽ 16.01.2017 വരെ |
| 3 | അൻസാരി.എസ് | 14.11.2016 AN മുതൽ 07.01.2017 വരെ<br>17.01.2017 മുതൽ 31.03.2017 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | |
|---|---|
| ധനകാര്യം | |
| ഡി.സുജാത, വൈസ് പ്രസിഡണ്ട് | 01.04.2016 മുതൽ 31.03.2017 വരെ |
| വികസനകാര്യം | |
| രാമചന്ദ്രകുറുപ്പ് | 01.04.2016 മുതൽ 31.03.2017 വരെ |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | |
| എം.സുകമാരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ക്ഷേമകാര്യം | |
| മീരാഭായ് | 01.04.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | വൃന്ദ. റ്റി .എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. സന്തോഷ്<br>ഡോ.ബീന. ഡി | 01.04.2016 മുതൽ 15.02.2017 വരെ<br>16.02.2017 മുതൽ 31.03.2017 വരെ |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വാസന്തി. ഇ<br>സുമ. ബി<br>ധന്യ. റ്റി | 01.04.2016 മുതൽ 03.07.2016 വരെ<br>04.07.16 മുതൽ 24.01.2017 വരെ<br>25-01-17 മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| | | | |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഗംഗ. ബി.എസ് | 01.04.2016 മുതൽ 31.03.2017വരെ |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഗീത.എസ്.ശങ്കർ | 01.04.2016 മുതൽ 31.03.2017വരെ |
| 7 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ശോഭന<br>ഡോ. സുലേഖ റാണി | 01.04.2016 മുതൽ 30.11.16 വരെ<br>01.12.2016 മുതൽ 31.03.2017വരെ |
| 8 | പ്രധാനാദ്ധ്യാപകൻ | ശിവദാസ് | 01.04.2016 മുതൽ31.03.2017 വരെ |
| 9 | അസിസ്റ്റന്റ് എൻജിനിയർ | സരിത ഭാർഗ്ഗവൻ | 01.04.2016മുതൽ 31.03.2017 വരെ |
| 10. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രുതി. എം | 01.04.2016 മുതൽ 31.03.2017 വരെ |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പ്രിയ | 01.04.2016 മുതൽ31.03.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമനം. | ഇനം. | ഖണ്ഡികനം. |
|---|---|---|
| *<u>ഭാഗം 1</u>* | | |
| 1 | പൊതു അവലോകനം | 1-1 മുതൽ 1-9 വരെ |
| *<u>ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>* | | |
| 2 | ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ | 2-1 |
| 3 | തൊഴിൽ നികുതി, സ്ഥാപന നികുതി സംബന്ധിച്ച അപാകതകൾ | 2-2 |
| 4 | കടമുറികളും പബ്ലിക് മാർക്കറ്റും ലേലം ചെയ്തില്ല – പഞ്ചായത്തിന് വരുമാന നഷ്ടം | 2-3 |
| 5 | വസ്തുനികുതി - ലക്ഷങ്ങൾ കുടിശ്ശിക – കണക്കിൽ സുതാര്യതയില്ല | 2-4 |
| 6 | എക്സ് സർവീസ് വിഭാഗങ്ങൾക്ക് വസ്തുനികുതി ഇളവ് - മാനദണ്ഡങ്ങൾ പാലിച്ചില്ല | 2-5 |
| *<u>ഭാഗം 3- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>* | | |

| | | |
|---|---|---|
| 7 | സർക്കാർ ഫണ്ടുകൾ ചെലവഴിച്ചില്ല – പദ്ധതി നിർവഹണം പരാജയം | 3-1 |
| 8 | വാഴകൃഷി - വിത്തുവിതരണം പൂർത്തിയായില്ല | 3-2 |
| 9 | അംഗൻവാടി പ്രവർത്തകർക്ക് അധിക വേതനം - സർക്കാർ ഉത്തരവ് പാലിച്ചില്ല | 3-3 |
| 10 | എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി - പദ്ധതി പൂർത്തീകരിച്ചില്ല | 3-4 |
| 11 | ആയുർവേദ മരുന്നുവാങ്ങൽ - പകുതിയിലധികം മരുന്നുകൾ ലഭിച്ചില്ല | 3-5 |
| 12 | ഹോമിയോ മരുന്നുവാങ്ങൽ - മരുന്നുകൾ സമയബന്ധിതമായി ലഭിച്ചില്ല | 3-6 |
| 13 | പാലിയേറ്റീവ് കെയർ - ആയുർവേദ, ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 3-7 |
| 14 | വെള്ളക്കരം : ചെലവ് 31 ലക്ഷം, വെള്ളമെത്താത്ത ടാപ്പിനും കരം | 3-8 |
| *ഭാഗം 4* | | |
| 24 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016 -17 വർഷത്തെ ബജറ്റ് 29-02-2016 തീയതിയിൽ അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 91794500 | 90951000 |
| വാർഷിക കണക്ക് പ്രകാരം | 40617711 | 32818110 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11489945 |

| | |
|---|---|
| വരവ് | 29127766 |
| ആകെ | 40617711 |
| ചെലവ് | 32818110 |
| നീക്കിയിരിപ്പ് | 7799601 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 9406149 | 6948722 | 73.87 |
| വികസനഫണ്ട് എസ്.സി.പി. | 4150746 | 1207004 | 29.07 |
| വികസനഫണ്ട് ടി.എസ്.പി. | 58269 | 15000 | 25.74 |
| സംരക്ഷണഗ്രാന്റ് റോഡ് | 4585341 | 163802 | 3.57 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 2244216 | 87.84 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3721267 | 1431726 | 38.47 |
| പെർഫോമൻസ് ഗ്രാന്റ് | 2762463 | 0 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 23230111<br>(OB 1778 ഉൾപ്പെടെ) | 23230111<br>(CB 13 ഉൾപ്പെടെ) | 100 |
| ബി ഫണ്ട് | 29510175 | 29510175 | 100 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 99 | 37069939 | 45 | 14426022 | - | 54 | 45 |

## 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2531916 | 3976373 | (+)1444457 | (+)57.04 |
| നികുതിയേതര വരവുകൾ | 566824 | 585718 | (+)18894 | (+) 3.33 |
| ആകെ | 3098740 | 4562091 | (+) 1463351 | (+) 47.22 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം വിവിധ ക്ഷേമപദ്ധതികൾക്കായി 2,95,10,175/- രൂപ 2880 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 295560 | 178 |
| കർഷകതൊഴിലാളി പെൻഷൻ | 4894480 | 264 |
| വിധവാപെൻഷൻ | 7443980 | 721 |
| വാർദ്ധക്യകാലപെൻഷൻ | 13224050 | 1379 |
| വികലാംഗപെൻഷൻ | 2699715 | 256 |
| അവിവാഹിതപെൻഷൻ | 652390 | 72 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 300000 | 10 |
| ആകെ | 29510175 | 2880 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.06.2017, 3.15 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8143/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-06-17 | 05/2017 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/12/13 മുതൽ 09/01/2014 വരെ | 1997-98 മുതൽ 2002-03 വരെ | ലഭ്യമല്ല. |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

(i) *പഞ്ചായത്തിന്റെ ഔദ്യോഗിക പ്രിന്റിംഗ് ജോലികൾ നടത്തിയ സ്ഥാപനം ഡി&ഒ ലൈസൻസ് എടുത്തില്ല.*

മുതുകുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന 'സോഫിയാ പ്രിന്റേഴ്സ്' എന്ന സ്ഥാപനത്തിൽ നിന്നും 2016-17ൽ ഡി & ഒ ഫീസ്, തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. എന്നാൽ പഞ്ചായത്തിന്റെ ഔദ്യോഗിക പ്രിന്റിംഗ് ജോലികൾ നടത്തിയ ഇനത്തിൽ വൻ തുക 2016-17 ൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കാതിരുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4) സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അടിയന്തിരമായി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നും കുടിശ്ശിക നിയമാനുസൃത പിഴ ചുമത്തി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ii)*ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല- ഡി.സി.ബി തയ്യാറാക്കിയില്ല*

2016-17 ൽ ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. തയ്യാറാക്കിയ ലിസ്റ്റിൽ സ്ഥാപനങ്ങളുടെ പേര്, മേൽവിലാസം തുടങ്ങിയ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഡി&ഒ രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

(iii)*ഡി & ഒ ഫീസ് കാലാനുസൃതമായി പരിഷ്കരിച്ചില്ല*

സ്ഥാപനങ്ങളുടെ പ്രതിദിന വിറ്റുവരവ് പരിഗണിക്കാതെ മുൻ വർഷങ്ങളിൽ ഈടാക്കിയ കുറഞ്ഞ നിരക്കിൽ മാത്രമാണ് ലൈസൻസ് ഫീസ് ഈടാക്കിയത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ഈടാക്കിയ ഡി & ഒ ഫീസ് | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. |
|---|---|---|---|
| 1 | ശ്രീ അയ്യപ്പാ മെഡിക്കൽ ട്രസ്റ്റ് | 50/- | 2 |
| 2 | എസ്.എസ്.വെജിറ്റബിൾ സ്റ്റോഴ്സ് | 50/- | 5 |
| 3 | വി.ജി.ഡെന്റൽ ക്ലിനിക് | 100/- | 21 |
| 4 | രാജ് സൂപ്പർ മാർക്കറ്റ് | 150/- | 28 |
| 5 | ഹാരിസൻസ് ടീ സെയിൽസ് | 50/- | 27 |
| 6 | സുരഭി ബ്യൂട്ടി ക്ലിനിക്ക് | 50/- | 31 |
| 7 | പ്രിൻസ് ജ്യുവലറി | 250/- | 42 |
| 8 | നിർമ്മാല്യം റീട്ടെയിൽ ഷോപ്പ് | 50/- | 47 |
| 9 | മെഡിക്കൽ സ്റ്റോർ, | 50/- | 48 |

| | | | |
|---|---|---|---|
| | C/o ചെമ്പഴന്തിയിൽ, മുതുകുളം | | |
| 10 | ഫർണ്ണീച്ചർ സെയിൽസ് | 50/- | 49 |
| 11 | എസ്.എസ്. ബേക്കേഴ്സ് | 50/- | 51 |
| 12 | കെ.പി.എം ട്രേഡേഴ്സ് | 150/- | 150 |
| 13 | സീക്കോ സോഡ & സോഫ്റ്റ് ഡ്രിംഗ്സ് | 100/- | 63 |
| 14 | ഇടയാനത്തുപറമ്പിൽഹോളോ ബ്രിക്സ് | 200/- | 69 |
| 15 | ഗുരുകൃപ ഹോളോ ബ്ലോക്സ് | 250/- | 70 |
| 16 | ശ്രീലക്ഷ്മി ജ്യൂവലറി | 100/- | 71 |
| 17 | കൃഷ്ണാ ഹോളോ ബ്രിക്സ് | 200/- | 74 |
| 18 | ദേവി ഓട്ടോ ഇലക്ട്രിക്കൽ വർക്സ് | 50/- | 95 |
| 19 | വേണി ഡിജിറ്റൽ സ്റ്റുഡിയോ | 50/- | 94 |
| 20 | വനിത ഫാഷൻ ജ്യൂവലേഴ്സ് | 150/- | 114 |
| 21 | അമ്പാടി ഇൻഡസ്ട്രീസ് | 50/- | 166 |

ടി സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ഡി & ഒ ഫീസ് ഈടാക്കിയതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.4) പരിഷ്കരിച്ച ഫീസ് ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കുറഞ്ഞ ഫീസ് ഈടാക്കിവരുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും കാലാനുസൃതമായി പരിഷ്കരിച്ച ഫീസ് ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി, സ്ഥാപന നികുതി സംബന്ധിച്ച അപാകതകൾ

(i) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2016-17 ൽ തൊഴിൽ ഈടാക്കിയതായി രേഖയില്ല

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്ത ഇനം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | ജീവനക്കാരുടെ തൊഴിൽ നികുതി (ഒന്നാം അർദ്ധ വർഷം) |
| 2 | എൽ.എസ്.ജി.ഡി, ബ്ലോക്ക് | ജീവനക്കാരുടെ തൊഴിൽ നികുതി (ഒന്നാം അർദ്ധ വർഷം) |
| 3 | കെ.വി.സാൻസ്ക്രിറ്റ് എച്ച്.എസ്.എസ് | ജീവനക്കാരുടെ തൊഴിൽ നികുതി |

| | | |
|---|---|---|
| | | (രണ്ടാം അർദ്ധ വർഷം) |
| 4 | കൊശമറ്റം ഫിനാൻസ് | ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ടാം അർദ്ധ വർഷം) |
| 5 | ചേപ്പാട് കന്നിമേൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ജീവനക്കാരുടെ തൊഴിൽ നികുതി (ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 6 | മുരിങ്ങച്ചിറ ക്ഷീരോത്പാദക സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി (ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 7 | മുതുകുളം തെക്ക് ക്ഷീരോത്പാദക സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി (ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |
| 8 | ചൂളത്തെരുവ് ക്ഷീരോത്പാദക സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി (ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) |

തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.5) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ടി സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കണക്കാക്കി ഈടാക്കേണ്ടതാണ്.

(ii) സ്ഥാപന നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന ധനകാര്യസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | നഷ്ടം / റിമാർക്സ് |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | I & II | 2500 |
| 2 | കെ.എസ്.ഇ.ബി | I & II | 2500 |
| 3 | സപ്ലൈകോ സൂപ്പർ മാർക്കറ്റ് | II | 1250 |
| 4 | കോർപ്പറേഷൻ ബാങ്ക് | I | 1250 |
| 5 | മുതുകുളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I & II | 2500 |
| 6 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.1741 | I & II | 2500 |
| 7 | കൊശമറ്റം ഫിനാൻസ് | II | 1250 |
| 8 | മുത്തൂറ്റ് ഫിനാൻസ് | I & II | 2500 |
| 9 | കെ.എസ്.എഫ്.ഇ, മുതുകുളം | I &II | 2500 |
| 10 | കേരള ഗ്രാമീൺ ബാങ്ക് | I | 1250 |
| 11 | ചേപ്പാട് കന്നിമേൽ സർവീസ് | I & II | 2500 |

| | | | |
|---|---|---|---|
| | കോ-ഓപ്പറേറ്റീവ് ബാങ്ക് | | |
| 12 | ദേവി ഫൈനാൻസിയേഴ്സ്, ഉമ്മർ മുക്ക് | I & II | ഡിമാന്റ് ചെയ്തിട്ടില്ല |
| 13 | ലക്ഷ്മി ഫൈനാൻസിയേഴ്സ്, ഉമ്മർ മുക്ക് | I & II | ഡിമാന്റ് ചെയ്തിട്ടില്ല |
| | ആകെ | | 22500/- |

സ്ഥാപന നികുതി ഈടാക്കാതിരുന്നതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം. 5) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ടി സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്തിട്ടുള്ള സ്ഥാപന നികുതി ഈടാക്കാതിരുന്നതുവഴി പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതും ഡിമാന്റ് ചെയ്യാത്തവയിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3 കടമുറികളും പബ്ലിക് മാർക്കറ്റും ലേലം ചെയ്തില്ല - പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 4 കടമുറികളും പബ്ലിക് മാർക്കറ്റും ലേലത്തിൽ പോകാത്തതിനാൽ പഞ്ചായത്തിന് തുടർച്ചയായി വരുമാന നഷ്ടം നേരിടുന്നു. മുൻ കാലങ്ങളിലെ വാടകകുടിശികയായ 11300/- രൂപ ഇപ്പോഴും കുടിശ്ശികയായി നിലനിൽക്കുന്നു. കുടിശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.6) മറുപടി ലഭിച്ചില്ല.

പ്രോജ. നം. 36/17 (എം.ബുക്ക് - 236, 237/2015-16) ൽ ഉൾപ്പെടുത്തി നടപ്പാക്കിയ 'പബ്ലിക് മാർക്കറ്റ് ചുറ്റുമതിൽ നിർമ്മാണവും ഗ്രൗണ്ട് മണ്ണിട്ടുനികത്തലും' എന്ന പ്രവൃത്തിക്കായി 2016-17 ൽ 269826/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി മാർക്കറ്റ് ലേലം ചെയ്യാതിരുന്നതിനാൽ പഞ്ചായത്തിന് വരുമാനമൊന്നും ലഭിച്ചില്ല. കടമുറികളും മാർക്കറ്റും ലേലത്തിൽ നൽകാതിരുന്നതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.17) രണ്ട് തവണ ലേല നടപടികൾ നടത്തിയെങ്കിലും ആരും ലേലത്തിൽ പിടിച്ചില്ലായെന്ന് മറുപടി ലഭിച്ചു. മാർക്കറ്റിനുള്ളിൽ സ്ഥിതി ചെയ്യുന്ന ടി കടമുറികളിൽ നിന്നുള്ള അരിയർ വാടകകുടിശ്ശിക പിരിച്ചെടുക്കുകയും പുതുതായി ലേല നടപടികൾ നടത്തി വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-4 വസ്തു നികുതി ലക്ഷങ്ങൾ കുടിശ്ശിക - കണക്കിൽ സുതാര്യതയില്ല

2016-17 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ 31/03/2017 ന് മുൻവർഷത്തെ ഉൾപ്പെടെ 19.72 ലക്ഷം രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.7) സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായ കണക്ക് യഥാർത്ഥ തുകയേക്കാൾ അധികരിച്ചാണെന്നുമാണ് മറുപടി ലഭിച്ചത്. അരിയർ കുടിശ്ശിക ഓഡിറ്റ് തീയതിയിലും 6.5 ലക്ഷം രൂപയായി നിലനിൽക്കുന്നു. ഇതിൽ നിന്നും വസ്തു നികുതി പിരിവ് കാര്യക്ഷമമല്ലായെന്ന് കാണുന്നു. കുടിശ്ശിക നിവാരണം നടത്തി സോഫ്റ്റ് വെയറിലെ കണക്കും യഥാർത്ഥ കണക്കും തമ്മിൽ പൊരുത്തപ്പെടുത്തി കണക്കിൽ വ്യക്തത വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 എക്സ് സർവീസ് വിഭാഗങ്ങൾക്ക് വസ്തുനികുതി ഇളവ് - മാനദണ്ഡങ്ങൾ പാലിച്ചില്ല

2016-17 വർഷം എക്സ് സർവീസ് വിഭാഗത്തിൽപ്പെടുത്തി 386കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവായി 139765/- രൂപ അനുവദിക്കുകയുണ്ടായി. ജി.ഒ.(എം.എസ്) 242/2013 ത.സ്വ.ഭ.വ തീയതി.02/07/2013 പ്രകാരം ഏപ്രിൽ 10 വരെ ലഭിക്കുന്ന അപേക്ഷകൾക്ക് മാത്രമേ വസ്തുനികുതി ഇളവ് അനുവദിക്കാൻ പാടുള്ളു എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ 2016-17 ൽ ഏപ്രിൽ 10 ന ശേഷം ലഭിച്ച 12 അപേക്ഷകളിൽ 7342/-രൂപ

വസ്തുനികുതി ഇളവ് അനുവദിക്കുകയുണ്ടായി. ടി ഉത്തരവിൽ എപ്രിൽ 10 വരെ ലഭിക്കുന്ന അപേക്ഷകളിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗം പ്രത്യേക പരിശോധന നടത്തി എപ്രിൽ 30 നകം ഡി.ഡി.പി യ്ക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ നാളിതുവരെ പെർഫോമൻസ് ഓഡിറ്റ് വിഭാഗം ഇത്തരമൊരു പരിശോധന നടത്തി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8) 22/07/2016 ലെ ജനറൽ കമ്മറ്റിയുടെ 5(1)-ാം നമ്പർ തീരുമാനപ്രകാരമാണ് ഇളവനുവദിച്ചതെന്ന് മറുപടി ലഭിച്ചു. നിയമാനുസൃതമല്ലാതെ എടുത്ത ഈ കമ്മറ്റി തീരുമാനം നിലനിൽക്കാത്തതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് നഷ്ടമായ തുക ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കാത്ത പക്ഷം സെക്രട്ടറി, മുഴുവൻ പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സർക്കാർ ഫണ്ടുകൾ ചെലവഴിച്ചില്ല, പദ്ധതി നിർവഹണം പരാജയം

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ പദ്ധതി നിർവഹണം വൻപരാജയം. വിവിധ സർക്കാർ ഫണ്ടുകൾ 43% മാത്രമാണ് ചെലവഴിച്ചത്.

ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച് നല്കിയ പദ്ധതികളിൽ ഏറെയും നടപ്പാക്കിയില്ല. നടപ്പാക്കിയവയിൽ ഏറെയും പാതിയിൽ താഴെമാത്രമാണ് ഭൗതികലക്ഷ്യം നേടാനായത്. ഉല്പാദന പശ്ചാത്തല മേഖലകൾ അവഗണിക്കപ്പെട്ടു.

പശ്ചാത്തല മേഖലയിൽ 45പദ്ധതികളാണ് അംഗീകരിക്കപ്പെട്ടത്. ഇതിൽ 21പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. നടപ്പാക്കിയ പദ്ധതികളിൽ 12 എണ്ണത്തിന്റെ അന്തിമബില്ല് സമയത്ത് ട്രഷറിൽ സമർപ്പിക്കാതെ കുവിലാക്കി. ഇതിനാൽ ഈ പദ്ധതികൾ തുടർപദ്ധതികളായി.റോഡ് സംരക്ഷണഗ്രാന്റ് 47.5ലക്ഷം വകയിരുത്തി 14പദ്ധതികളാണ് ആവിഷ്കരിച്ചത്. ഇതിൽ 7.9ലക്ഷം ചെലവഴിച്ച് 4 പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയത്. റോഡിതര സംരക്ഷണ ഗ്രാന്റ് 27.5ലക്ഷം വകയിരുത്തിയെങ്കിലും 16ലക്ഷമാണ് ചെലവഴിച്ചത്.

ലഭ്യമായ സർക്കാർ ഫണ്ടുകളിൽ വളരെ കുറവാണ് ചെലവ് (ഖണ്ഡിക 1-4 കാണുക) പെർഫോമൻസ് ഗ്രാന്റ് 27.6ലക്ഷം രൂപ സർക്കാർ ഗ്രാമപഞ്ചായത്തിന് നല്കിയിരുന്നു. എന്നാൽ ഇതിൽ ഒരുരൂപ പോലും ചെലവഴിച്ചില്ല. റോഡ് സംരക്ഷണഗ്രാന്റ് 3.57% മാത്രമാണ് ചെലവഴിക്കാനായത്. എസ്.സി.പി ഫണ്ടിന്റെ ചെലവിലും വൻവീഴ്ച പ്രകടമാണ്. 41.5ലക്ഷം രൂപയാണ് സർക്കാർ എസ്.സി.പി ഫണ്ട് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയത്. ഇതിൽ 12.1ലക്ഷം രൂപമാത്രമാണ് -29%- ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാനായത്. എസ്.സിപി ഫണ്ടിൽ നിന്ന് വലിയ തുക വകയിരുത്തി ആവിഷ്കരിച്ച പദ്ധതികളിൽ നാമമാത്ര തുകമാത്രമാണ് ചെലവഴിക്കാനായത്. എസ്.സി വാദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിക്ക് 15 ലക്ഷം രൂപയാണ് വകയിരുത്തിയത്. ആവശ്യത്തിന് ഗുണഭോക്താക്കൾ ഉണ്ടായിട്ടും ചെലവഴിക്കാനായത് 90000/- രൂപ മാത്രം.

ഉല്പാദന മേഖലയിൽ 45%മാണ് ചെലവ്. ഗ്രാമപഞ്ചായത്തിന്റെ ഭൂപരമായ പ്രത്യേകതകൾ പരിഗണിക്കാതെയുള്ള പദ്ധതിനിർവഹണവും ശ്രദ്ധയിൽപെട്ടു. ജാതികൃഷിപോലുള്ള സുഗന്ധവിളകൃഷിക്ക് പ്രാധാന്യം നല്കിയത് പുനഃപരിശോധിക്കേണ്ടതാണ്.

അനിവാര്യമായും വകയിരുത്തേണ്ട അഗതി ആശ്രയപദ്ധതി നടപ്പാക്കിയില്ല. കുടുംബശ്രീ സംവിധാനം

ഔദ്യോഗികമായി നിലവില്ലാത്തതാണ് ഇതിന് കാരണം. ധനാപഹരണത്തെ തുടർന്ന് 2014 മുതൽ ഗ്രാമപഞ്ചായത്തിൽ സിഡിഎസ് പ്രവർത്തിക്കുന്നില്ല. കുടുംബശ്രീ പുനരുജ്ജീവിപ്പിക്കാനുള്ള പഞ്ചായത്ത് കമ്മറ്റിയുടെ ശ്രമം വിജയിച്ചതായി കാണുന്നില്ല.

ദേശീയ തൊഴിലുറപ്പ് പദ്ധതി നിർവഹണവും മങ്ങി. 3%- 69 പേർക്ക് മാത്രമാണ് 100 ദിവസം തൊഴിൽ നല്കാനായത്. ആസ്തി വികസനത്തിന് സഹായിക്കുന്ന ഒരുപദ്ധതി പോലും സാമ്പത്തികവർഷം നടപ്പാക്കാനായില്ല. കഴിഞ്ഞ വർഷത്തെ വേതന കുടിശിക ഒരുകോടിയിൽപരം രൂപ ഇപ്പോഴും കുടിശികയായി നിലനില്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതിനിർവഹണത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ നിലനില്കുന്നതായി മേൽ ഓഡിറ്റ് വിശകലനം തെളിയിക്കുന്നു. അതിനാൽ സർക്കാർ ഫണ്ടുകൾ ചെലവഴിക്കാത്തത് വികസനനിഷേധമായി കണ്ട് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 <u>വാഴകൃഷി - വിത്തുവിതരണം പൂർത്തിയായില്ല.</u>

പ്രോജക്ട് നം. / പേര് : 22/17 / വാഴകൃഷി ജനറൽ

: 28/17 / വാഴകൃഷിവ്യാപനം (എസ്. സി)

നിർവ്വഹണം : കൃഷി ഓഫീസർ

വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജനറൽ, എസ്.സി എന്നീ വിഭാഗങ്ങളിലായി രണ്ടു പദ്ധതികൾ നടപ്പിലാക്കി.ജനറൽ വിഭാഗത്തിൽ ഒരു ഗുണഭോക്താവിനു 26 വാഴവിത്തും, എസ്.സി വിഭാഗത്തിൽ ഒരു ഗുണഭോക്താവിനു 25 വാഴവിത്തും ഉൾപ്പെടുത്തിയിരുന്നു. 25 % ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയാണ് പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നത്. VFPCK യിൽ നിന്നുമാണ് വിത്തുകൾ വാങ്ങിയിട്ടുള്ളത്.

വാഴകൃഷി ജനറൽ വിഭാഗത്തിൽ 121 ഗുണഭോക്താക്കളും, എസ്.സി വിഭാഗത്തിൽ 20 ഗുണഭോക്താക്കളും ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുണ്ട്. എന്നാൽ ജനറൽ വിഭാഗത്തിൽ 90 പേർക്കും, എസ്.സി വിഭാഗത്തിൽ 10 പേർക്കും മാത്രമാണ് വാഴ വിത്ത് വിതരണം നടത്തിയിട്ടുള്ളത്. 41 ഗുണഭോക്താൾക്കു വാഴ വിത്തുകൾ വിതരണം ചെയ്യുവാൻ അവശേഷിക്കുന്നു.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (നം. 14) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ, ഗുണമേന്മ കുറഞ്ഞ വിത്തുകൾ ഒഴിവാക്കിയതിനാലാണ് വിതരണം പൂർത്തിയാക്കാതിരുന്നതെന്നും പുതിയ വിത്തുകൾ ലഭിക്കുന്ന മുറയ്ക്കു വിതരണം പൂർത്തിയാക്കുന്നതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. വിത്തു വിതരണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ വിതരണം ചെയ്യാത്ത 1056 വാഴവിത്തുകൾക്കു വേണ്ടി VFPCK യ്ക്കു നൽകിയ 14256/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. വാഴവിത്തുകളുടെ വിതരണം പൂർത്തിയാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

*<u>ചെലവു വിവരം</u>*

ബിൽ നം. 10/17 തീയതി : 30-03-17, 31823

7 /17 തീയതി : 30-03-17, 5050

ചെക്ക് നം. 0978291 തീയതി : 31-03-17, 12348

## 3-3 <u>അംഗൻവാടി പ്രവർത്തകർക്ക് അധിക വേതനം - സർക്കാർ ഉത്തരവ് പാലിച്ചില്ല.</u>

ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അംഗൻവാടി പ്രവർത്തകർക്കു അധികവേതനം എന്ന പദ്ധതിയിൽ വികസനഫണ്ട് 257838/- രൂപയും, ധനകാര്യകമ്മീഷൻ ഗ്രാന്റ്

82158/- രൂപയും, തനതുഫണ്ട് 579804/- രൂപയും വകയിരുത്തിയിരുന്നു. അംഗൻവാടി വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനം നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ (സ.ഉ.(സാധാ) നം. 636/2016 തസ്വഭവ. തീ: 16-02-16), വർദ്ധിപ്പിച്ച തുക തനതുഫണ്ടിൽ നിന്നും ചെലവഴിക്കണമെന്നും, തനതുഫണ്ട് ലഭ്യമല്ല എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും, ജില്ലാ പ്ളാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്നപക്ഷം വികസനഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയാണ് വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവ പ്രോജക്ടിനായി വകയിരുത്തിയിട്ടുള്ളത്.

ഇപ്രകാരം ഫണ്ട് വകയിരുത്തിയതിനു വിശദീകരണം ഹാജരാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 13/28-06-17) മറുപടി ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ വികസനഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും ചെലവഴിച്ച 339996/- രൂപ തിരികെ അടവാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

_ചെലവു വിവരം_

ബിൽ നം. 2 /16-17, തീയതി : 25-10-16, 82158

3/16-17 തീയതി : 25-10-16, 257838

## 3-4 എസ്.സി വിദ്യാർത്ഥികൾക്കു പഠനമുറി- പദ്ധതി പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം : 71 /17

നിർവ്വഹണം : വി.ഇ.ഓ

അടങ്കൽ : 150000/-

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 15 വിദ്യാർത്ഥികൾക്കു പഠനമുറി നിർമ്മിക്കുന്നതിനു 1 ലക്ഷം രൂപ വീതം ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. 12-08-2016 ൽ പദ്ധതിയ്ക്കു അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ 3 പേർക്ക് 30000/- രൂപ വീതം തൻവർഷം 90000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. നിർവ്വഹണത്തിനു 7 മാസത്തെ സമയം ഉണ്ടായിരിക്കെ പദ്ധതി ഭാഗികമായി മാത്രം നടപ്പിലാക്കിയത് ഗുരുതരമായ വീഴ്ചയാണ്. 3 ഗുണഭോക്താക്കളും പദ്ധതി പൂർത്തിയാക്കി എന്ന് ഉറപ്പ് വരുത്തി ബാക്കി തുക നൽകാനും, പദ്ധതിയിൽ വിഭാവനം ചെയ്തു മുഴവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകാനും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനു ഭരണസമിതിയുടെ ഭാഗത്തു നിന്നും സജീവമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-5 ആയുർവേദ മരുന്ന് വാങ്ങൽ- പകുതിയിലധികം ലഭിച്ചില്ല

പ്രോജക്ട് നം. : 09/16-17

ഡി.ഡി.നം. : 854035, തീയതി. 29.12.2016

ചെലവ് : 400000/-

നിർവഹണം : മെഡിക്കൽ ഓഫീസർ (ആയുർവേദം)

2016-17 ൽ ആയുർവേദ മരുന്നുകൾ വാങ്ങാനായി 4ലക്ഷം രൂപ ഔഷധിക്ക് മുൻകൂറായി നൽകിയെങ്കിലും 197338/- രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചുള്ളൂ. ടി ഇനത്തിൽ 4 ലക്ഷം രൂപയുടെ ഡി.ഡി ഔഷധിക്ക് നൽകിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത് ഫയലിൽ ലഭ്യമല്ല. ലഭിക്കാനുള്ള മരുന്നുകളും കൈപ്പറ്റ് രസീതും അടിയന്തിരമായി ലഭ്യമാക്കാൻ കത്തിടപാടുകൾ വഴിയും ഫോൺ മുഖാന്തിരവും ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉടൻ എത്തിക്കുമെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം.9) മറുപടി ലഭിച്ചു.

മരുന്നിന്റെ വില അഡ്വാൻസായി നൽകുകയും പദ്ധതി കാലാവധിക്കുള്ളിൽ മരുന്ന് ലഭിക്കാതിരിക്കുകയും ചെയ്തിട്ടുള്ളതിനാൽ ലഭിക്കാനുള്ള മരുന്നിന്റെ ചെലവ് (202662/-) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-6 ഹോമിയോ മരുന്ന് വാങ്ങൽ - സമയബന്ധിതമായി ലഭിച്ചില്ല

പ്രോജക്ട് നം. : 02/16-17

ഡി.ഡി.നം. : 616186 തീ.25.11.2016

ചെലവ് : 200000/-

നിർവഹണം : മെഡിക്കൽ ഓഫീസർ(ഹോമിയോ)

2016-17 ൽ ഹോമിയോ മരുന്നുകൾ വാങ്ങാനായി 2ലക്ഷം രൂപ ഹോംകോയ്ക്ക് മുൻകൂറായി നൽകിയെങ്കിലും 47700/- രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചുള്ളു. ബാക്കിതുകയ്ക്കുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഹോംകോയുമായി കത്തിടപാടുകൾ നടത്തിയതായും 30 ദിവസത്തിനുള്ളിൽ മരുന്നുകൾ പൂർണ്ണമായി എത്തിക്കുമെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) മറുപടി ലഭിച്ചു. മരുന്നിന്റെ വില അഡ്വാൻസായി നൽകുകയും പദ്ധതി കാലാവധിക്കുള്ളിൽ മരുന്ന് ലഭിക്കാതിരിക്കുകയും ചെയ്തിട്ടുള്ളതിനാൽ ലഭിക്കാനുള്ള മരുന്നിന്റെ ചെലവ് (152300/-)ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

പ്രോജക്ട് നം.S0026/16-17

നിർവഹണം- മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

*(എ) ബിൽ നം. 5/16-17 തീ.30.01.2017 (41530/-)*

സബ് വൗച്ചർ 143/2016-17 തീ.3.12.2016 പ്രകാരം ആയുർവേദ മരുന്നുകൾ വാങ്ങുവാൻ ഔഷധിയ്ക്ക് 20000/-രൂപ അഡ്വാൻസ് നൽകിയെങ്കിലും നാളിതുവരെ 14535/-രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളു. ബാക്കി 5465/- രൂപയ്ക്കുള്ള മരുന്നുകൾ ഔഷധിയിൽ നിന്നും ലഭിച്ചില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15) മരുന്ന് ഉടൻ ലഭ്യമാക്കണമെന്ന് ഔഷധിയിൽ അറിയിച്ചിട്ടുണ്ടെന്നും ആയത് ഉടൻ ലഭ്യമാകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സമൂഹത്തിൽ പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള ഈ മരുന്നുകൾ സമയബന്ധിതമായി ലഭിക്കാത്തിനാൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ സാധിച്ചില്ല. മരുന്നിന്റെ വില അഡ്വാൻസായി നൽകുകയും പദ്ധതി കാലാവധിക്കുള്ളിൽ മരുന്ന് ലഭിക്കാതിരിക്കുകയും ചെയ്തിട്ടുള്ളതിനാൽ ലഭിക്കാനുള്ള മരുന്നിന്റെ ചെലവ് (5465/-)ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

(ബി) *ബിൽ നം.6/16-17 തീ.14.03.2017 (81958/-)*

സബ് വൗച്ചർ 1/2016-17 തീ. 25.01.2017പ്രകാരം ഹോമിയോ മരുന്നുകൾ വാങ്ങുവാൻ ഹോംകോയ്ക്ക് 4988/-രൂപ അഡ്വാൻസ് നൽകിയെങ്കിലും നാളിതുവരെ മരുന്നുകളൊന്നും ലഭിച്ചില്ല. മരുന്നുകൾ ലഭിക്കാത്തതിനാൽ ടി പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ സാധിച്ചില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15) ഔഷധിയിൽ അറിയിച്ചിട്ടുണ്ടെന്നും മരുന്നുകൾ സ്റ്റോക്കില്ലാത്തതിനാലാണ് ലഭിക്കാതിരുന്നതെന്നും മറുപടി ലഭിച്ചു. മരുന്നുകളൊന്നും ലഭിക്കാതിരുന്നതിനാൽ പദ്ധതി പൂർണ്ണമായും പരാജയപ്പെട്ടു. ടി ചെലവ് (4988/-) ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. ടി ഇനത്തിൽ അഡ്വാൻസായി ചെലവഴിച്ച തുക തിരികെ ഈടാക്കുകയോ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-8 വെള്ളക്കരം:ചെലവ് 31 ലക്ഷം - വെള്ളമെത്താത്ത ടാപ്പിനും കരം

വെള്ളക്കരത്തിന് ലക്ഷങ്ങൾ ചെലവഴിക്കുമ്പോഴും ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമില്ല. ഇതിൽനിന്നും കുടിവെള്ളമെത്താത്ത ടാപ്പുകൾക്കും പഞ്ചായത്ത് കരം നല്കുന്നതായി തെളിയുന്നു. 2007ന് ശേഷം വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് സംയുക്തപരിശോധന നടത്തി വെള്ളമെത്തുന്ന ടാപ്പുകളുടെ എണ്ണം കൃത്യമാക്കിയിട്ടില്ല.

കുടിവെള്ളക്ഷാമം ഗ്രാമപഞ്ചായത്തിൽ രൂക്ഷമാണെന്ന് ഗ്രാമപഞ്ചായത്ത് കമ്മറ്റി മിനിറ്റ്സിൽ ആവർത്തിച്ച് രേഖപ്പെടുത്തിയിരിക്കുന്നു.

പൊതു ടാപ്പുകളുടെ വെള്ളക്കരത്തിന് 2016-17ൽ 30.92ലക്ഷം രൂപയാണ് തനത് ഫണ്ട് ചെലവഴിച്ചത്.പ്രതിമാസം 257688/- രൂപ വെള്ളക്കരത്തിന് ചെലവിടുമ്പോഴും കുടിവെള്ളക്ഷാമത്തിന് പരിഹാരമില്ലാത്തതിനാൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ളവിതരണം കാര്യക്ഷമമല്ലെന്ന് വ്യക്തമാകുന്നു. ചെലവിന്റെ കൃത്യത വിലയിരുത്താൻ താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല (രേഖകൾ ഓഡിറ്റ് അന്വേഷണം-2ൽ ആവശ്യപ്പെട്ടിരുന്നു.).

1. പൊതുടാപ്പുകളുടെ വാർഡ് തിരിച്ച് എണ്ണം വിശദമാക്കുന്ന രജിസ്റ്റർ.
2. വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് നടത്തിയ സംയുക്തപരിശോധനയുടെ ഏറ്റവും പുതിയ റിപ്പോർട്ട്.
3. പൊതുടാപ്പുകളിലൂടെയുള്ള കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പരാതിപരിഹാര രേഖകൾ.

രേഖകൾ ഇല്ലാത്തതിനാൽ വാട്ടർ അതോറിറ്റിയുടെ ബില്ല് പരിശോധനയില്ലാതെ ഗ്രാമപഞ്ചായത്ത് തീർപ്പാക്കുന്നതായി തെളിയുന്നു.കൃത്യമായകണക്കും പരിശോധനയുമില്ലാത്ത ചെലവ് നിയമവിരുദ്ധമാണ്.

വാട്ടർ അതോറിറ്റി നിരക്ക് അനുസരിച്ച് 589ടാപ്പുകളുടെ കരമാണ് പഞ്ചായത്ത് ഒടുക്കുന്നത്. ഇത്രയും ടാപ്പുകൾ കുടിവെള്ള വിതരണം നടത്തുന്നുണ്ടെങ്കിൽ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം ഉണ്ടാകുമായിരുന്നില്ല.

ഗാർഹിക കണക്ഷൻ നല്കാൻ ഗ്രാമപഞ്ചായത്ത് പദ്ധതികൾ നിർവഹിക്കുന്നുണ്ട്. എന്നിട്ടും വെള്ളക്കരത്തിൽ കുറവ് കാണുന്നില്ല. അതിനാൽ വെള്ളക്കരത്തിന്റെ പേരിൽ വലിയതുക ഗ്രാമപഞ്ചായത്ത് പാഴാക്കുകയാണ്.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് സംയുക്തപരിശോധനക്ക് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തതായി മറുപടി നല്കി. സംയുക്ത പരിശോധനാറിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അധികം അടച്ച തുക ക്രമീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ, ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരമുള്ള കണക്കുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. .

2. ലേലം ഇനത്തിൽ തൻവർഷം ലഭിച്ച 16685/- രൂപ RP-34 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് ആയി ചേർത്തിരിക്കുന്നു.
3. തിരിച്ചടക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 21000/- രൂപ ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിച്ചിട്ടില്ല.
4. ദുരിതാശ്വാസ നിധി അക്കൗണ്ടിലെ നീക്കിയിരിപ്പ് 31926/- രൂപയാണ് .ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-2ൽ 31769 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.
5. വസ്തു നികതി ഡിമാന്റ്, വരവ്, ബാലൻസ് എന്നിവ സംബന്ധിച്ച വാർഷിക കണക്കിലെ തുകകൾ യഥാർഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
6. പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ടി ചെലവഴിച്ച 1710000/- രൂപ ഷെഡ്യൂൾ RP-38 ൽ ഉൾപ്പെടുത്തിയിട്ടില്ല.
7. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവധ ഇനങ്ങളിലുള്ള ഡെപ്പോസിറ്റുകൾ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 50000 | സ്കോളർഷിപ്പ് | 50000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 77041 | സ്കോളർഷിപ്പ് | 770471 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | അംഗൻവാടി പോഷകാഹാര വിതരണം | 100000 | -- |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയതി |
|---|---|---|---|---|
| 2015-16 | 3.3 | 20000 | ഇന്ദിര, മുരിങ്ങയിൽ<br>ഗുണഭോക്താവ് | 1601104214/25-03-2017 |
| 2015-16 | 3.4(1) | 1000 | ശ്രുതി.എം, വി.ഇ.ഓ | 11601103797/ 21/02/17 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40617711 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32818110 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 29842/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 365415/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14256/- |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായവരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 (ii) | 22500/- | | എസ്. ശ്രീകുമാർ, സെക്രട്ടറി |
| 2-5 | 7342/- | | എസ്. ശ്രീകുമാർ, സെക്രട്ടറി,<br>പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ |
| 3-5 | | 202662/- | ഡോ. ഗംഗ. ബി. എസ്,<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-6 | | 152300/- | ഡോ. ഗീത. എസ്..ശങ്കർ,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-7(എ) | | 5465/- | ഡോ.സുലേഖാ റാണി,<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 3-7(ബി) | | 4988/- | |
| ആകെ | 29842/- | 365415/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 14256 | ശ്രീമതി. വൃന്ദ , കൃഷി ഓഫീസർ |
| ആകെ | 14256 | |

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.വൃന്ദ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, മുതുകുളം | കൊല്ലകൽ,<br>മുതുകുളം സൌത്ത് പി.ഓ |
| ഡോ.ഗീത എസ്. ശങ്കർ,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | അദ്വൈതം,<br>പിലാപ്പുഴ, ഹരിപ്പാട് |
| ഡോ.ഗംഗ.ബി.എസ്,<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | തുണ്ടൽ, ചേപ്പാട് (ഈസ്റ്റ്),<br>ചേപ്പാട് പി.ഒ |
| ഡോ.സുലേഖാ റാണി,<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി) | സൗപർണ്ണിക,<br>പുന്നപ്ര പി. ഒ, ആലപ്പുഴ |
| എസ്.ശ്രീകുമാർ, സെക്രട്ടറി,<br>പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ | ... | ശ്രീദേവി ഭവനം,<br>ചുനക്കര പ.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 മുതൽ 03-04 വരെ | എൽ.എഫ്.ജി.എ.5-1832/11, തീയതി – 31.1.12 |
| 05-06 | എൽ.എഫ്.ജി.എ.13-1174/13, തീയതി – 3.10/6.7.10 |
| 06-07 | എൽ.എഫ്.ജി.എ.13-699/10, തീയതി-18.12.10/ 31.12.10 |
| 07-08 | എൽ.എഫ്.പി.7-607/12, തീയതി- 8.2.12 |
| 08-09 | എൽ.എഫ്.പി.4 -820/12, തീയതി- 5.11.12 |
| 2009-10 | എൽ.എഫ്.എ-പി4-820/12, തീയതി. 05.11.2012 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ-പി4-1403/13, 21.02.2014/ 05.04.2014 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി4-202/16, 15.03.2016 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി4-760/16, 07.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി4-1529/16, 31.12.2016 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി-പി4-865/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 05.07.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P4-865/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 05.07.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Muthukulam Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Muthukulam Gramapanchayat for the year 2016-17 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director,
Kerala State Audit Department,
Alappuzha